**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** **06-02-2023 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ നടത്തി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (എ) | തരൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയും നാട്ടരങ്ങ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേരളത്തിന്റെ കലാസാംസ്കാരിക സമ്പന്നതയെ സംരക്ഷിക്കുക, പ്രചരിപ്പിക്കുക, നിശ്ചിത യോഗ്യത നേടിയ യുവകലാകാരന്മാർക്ക് പ്രോത്സാഹനം നൽകുക എന്നിവ ലക്ഷ്യമാക്കി ആയിരം യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് കൊണ്ട് പ്രായഭേദമന്യേയുള്ള പഠിതാക്കൾക്കായി സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാപരിശീലനം നൽകി വരുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ കലാപരിശീലനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട പരിശീലകർക്ക് പ്രതിമാസം 10,000/-രൂപാ വീതം സാംസ്കാരിക വകുപ്പും 7,500/- രൂപ വീതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫെല്ലോഷിപ്പ് ഉൾപ്പെടെ 17,500/- രൂപ തുകയായി നൽകി വരുന്നു. പദ്ധതിയുടെ ഭാഗമായി തരൂർ മണ്ഡലത്തിന് കീഴിൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ മൂന്നും ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ നാലും പഠനകേന്ദ്രങ്ങൾ നിലവിലുണ്ട്. പ്രസ്തുത പഠന കേന്ദ്രങ്ങളിലായി 7 കലാപരിശീലകർ നിലവിൽ വിവിധ കലാരൂപങ്ങൾക്ക് പരിശീലനം നൽകി വരുന്നു. ഗ്രാമീണ മേഖലകളിലും, ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുയിടങ്ങൾ ലഭ്യമല്ലാത്തിടങ്ങളിൽ അനുയോജ്യമായ പാതയോരങ്ങൾ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന നാട്ടരങ്ങ് പദ്ധതി തരൂർ |

| | | | |
|---|---|---|---|
| | | | മണ്ഡലത്തിലെ വടക്കഞ്ചേരിയിൽ നിർമ്മാണം പൂർത്തീകരിച്ച് 13.09.2020 ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിനാണ്.<br><br>കൂടാതെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തൃശ്ശൂർ മേഖല കേന്ദ്രം തരൂർ മണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ചലച്ചിത്ര പ്രദർശനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ